ചെയ്യുവാണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി അതാത് സ്ഥാപനങ്ങളിൽ ഒരു പരാതി പരിഹാര സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം 24 കോടി രൂപ കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

ബാറിൽനിന്നും മലിനീകരണം

33(731) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരിങ്ങിലാവ് K.R. ബാറിൽനിന്നും വരുന്ന പൈപ്പ് വഴി മാലിന്യം പുറത്തേയ്ക്ക് തള്ളുന്നതിന്റെ ഭാഗമായി മണ്ണിലും കുടിവെള്ളത്തിലും മാലിന്യം കലർന്ന് പരിസരവാസികൾക്ക് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പിടിപെടുന്നുവെന്ന പരാതിയിൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ K.R. ബാറിൽ പരിശോധന നടത്തിയിരുന്നുവോ;

(ബി) പരിശോധനയിലെ കണ്ടെത്തലുകൾ എന്തായിരുന്നു; വിശദാംശം നൽകുമോ ;

(സി) പരിസരവാസികളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ജില്ലാ മെഡിക്കൽ ആഫീസർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഹോട്ടലിന്റെ തെക്കുഭാഗത്തുള്ള മതിലിന്റെ അടിമതിലിനോട് ചേർന്ന് ഹോട്ടലിലെ മലിനജലം ഒഴുക്കിവിടുകയായിരുന്നു. ഈ കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശിക്കുന്ന വിധത്തിൽ മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായുള്ള നിർദ്ദേശം ഹോട്ടൽ ഉടമയ്ക്ക് നൽകിയിരുന്നു. ഈ നിർദ്ദേശം ഹോട്ടൽ ഉടമ പാലിച്ചതായി സ്ഥലം സന്ദർശിച്ച് ലോക്കൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ജില്ലാ മെഡിക്കൽ ആഫീസറുടെ നിർദ്ദേശപ്രകാരം പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്പണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ച് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ കൃത്യമായി എടുത്തിട്ടുണ്ട്. ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ആഫീസർ ഇക്കാര്യം മോണിറ്റർ ചെയ്തിട്ടുണ്ട്. സ്വീകരിച്ച നടപടികൾ താഴെപ്പറയും പ്രകാരമാണ്.

1. നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിൽ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നുമുള്ള വെള്ളം ശേഖരിക്കുന്നതിനായി 3 ടാങ്ക് കെട്ടി പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

2. മൂന്ന് വൈറൽ ഹെപ്പറ്റൈറ്റിസ്-എ കേസുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തെ രണ്ട് കിണറുകളിൽനിന്നും വാട്ടർ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി.

3. ഈ സ്ഥലത്തോട് ചേർന്നുകിടക്കുന്ന 25 കിണറുകൾ സൂപ്പർ ക്ലോറിനേഷൻ ചെയ്തു.

4. ഈ സ്ഥലത്തുള്ള 30 വീടുകളിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

5. 21-10-2015-ന് പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ചു. രോഗം വന്ന സ്ഥലത്തെ എല്ലാവരെയും പരിശോധിച്ചു.

6. ഇപ്പോൾ ഈ പ്രദേശത്ത് മറ്റ് പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഒന്നുംതന്നെ ഇല്ല.

ക്ഷയരോഗ നിർണ്ണയം

34(732) ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയെ സമ്പൂർണ്ണ ക്ഷയരോഗ നിയന്ത്രണ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ദേശീയ ക്ഷയരോഗ പദ്ധതിയിൻ കീഴിൽ 2015-16 വർഷത്തിൽ എത്ര ക്ഷയരോഗികളാണ് പരിശോധനയ്ക്കായി തേടിയതെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടികളിലെ ക്ഷയരോഗ നിർണ്ണയത്തിനുള്ള പരിശോധനാ കിറ്റുകൾക്ക് ക്ഷാമം നേരിടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly